വിദ്യാഭ്യാസേതര സ്ഥാപനങ്ങൾ, സമൂഹം എന്നതിന്റെ സാക്ഷാത്കാരത്തിന് ഓ.ആർ.സി. പ്രതിജ്ഞാബദ്ധമാണ്. സാമൂഹിക-സാംസ്കാരിക-രാഷ്ട്രീയമേഖലകളിൽ സജീവമായിട്ടുള്ള വ്യക്തികൾക്കും സംഘടനകൾക്കും കുട്ടികളുടെ ക്ഷേമത്തിൽ തൽപരരായിട്ടുള്ള ഏതൊരാൾക്കും ഓ.ആർ.സി.യുടെ ഭാഗമാകാവുന്നതാണ്.

നമുക്ക് കൈകോർക്കാം
നമ്മുടെ കുട്ടികൾക്കായ്, ഒരു നല്ല നാളേയ്ക്കായ്.


**Our Responsibility to Children (ORC)**
Integrated Child Protection Scheme
(An initiative by various Government departments in collaboration with civil society)
Opp. Prison Headquarters
Poojappura, Thiruvananthapuram, Kerala
0471 - 2342235, +91 9846690490, +91 8281982883
orc.icps@gmail.com






# ORC കുട്ടികളോടുള്ള നമ്മുടെ ഉത്തരവാദിത്വം

മാറുന്ന കാലത്തിനൊപ്പം നമ്മുടെ കുട്ടികളും അതിവേഗം മാറിക്കൊണ്ടിരിക്കുകയാണ്. ആധുനികയുഗത്തിലെ കുട്ടികൾ പ്രതിഭാസമ്പന്നരും സാങ്കേതികവിദ്യകൾ ഉപയോഗിക്കുന്നതിലും വിവരങ്ങൾ സമാഹരിക്കുന്നതിലും പഴയ തലമുറയേക്കാൾ വളരെയധികം മുൻപന്തിയിലാണെന്നുള്ളത് സത്യമാണ്. അതേസമയം നമ്മുടെ കുട്ടികളിൽ പലരും സാമൂഹികവും മാനസികവും വൈകാരികവുമായ കടുത്ത വെല്ലുവിളികളെ ആരോഗ്യകരമായി നേരിടാനാവാതെ തളരുന്നു. ചിലരെങ്കിലും അനാരോഗ്യകരമായ പ്രവണതകളിലേക്കും തെറ്റുകളിലേക്കും വഴുതിവീഴുന്ന സങ്കടകരമായ അവസ്ഥ സമൂഹത്തിലെ പല കോണുകളിലും നിത്യസംഭവമായി മാറിക്കൊണ്ടിരിക്കുന്നു. കുട്ടികളിലെ ദിശാബോധമില്ലായ്മയും മൂല്യച്യുതിയും ആശാസ്യകരമല്ലാത്ത പല പ്രവണതകളിലേക്കുമാണ് അവരെ കൊണ്ടുചെന്നെത്തിക്കുന്നത്. വിവിധ തരത്തിലുള്ള ലൈംഗികചൂഷണങ്ങൾക്ക് വിധേയരാകുന്നവർ, ക്രൂരമായ മറ്റുചില കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർ, കൂടിവരുന്ന ആത്മഹത്യാപ്രവണതയുള്ളവർ എന്നിവരുടെ എണ്ണം നാൾക്കുനാൾ വർദ്ധിച്ചുവരുന്നു.

നമ്മൾ കുട്ടികൾക്കായി ഒരുക്കിക്കൊടുക്കുന്ന സാഹചര്യങ്ങളും സൗകര്യങ്ങളും അവർക്കു മുമ്പാകെ വയ്ക്കുന്ന മാതൃകകളും നൽകുന്ന സ്നേഹപരിചരണവുമാണ് അവരുടെ സ്വഭാവരൂപീകരണത്തിൽ പ്രധാനപ്പെട്ട പങ്കുവഹിക്കുന്നത്. ഓരോ വ്യക്തിയിലും നന്മയേയും

തിന്മയേയും പ്രതിധാനം ചെയ്യുന്ന ഘടകങ്ങളുണ്ടെന്നുള്ളത് സത്യമാണ്. ഏതു ഗുണമാണ് ശക്തിപ്പെടുന്നതെന്നത് ഏതു സാഹചര്യത്തിലാണ് ഒരാൾ വളരുന്നത് എന്നതിനെ ആശ്രയിച്ചിരിക്കും. നമ്മുടെ കുട്ടികളുടെ കാര്യത്തിൽ രക്ഷിതാക്കൾക്കും അദ്ധ്യാപകർക്കും പൊതുസമൂഹത്തിനും ഉണ്ടായിരിക്കേണ്ട കൂട്ടുത്തരവാദിത്വം നഷ്ടമായിരിക്കുന്നു എന്ന തിരിച്ചറിവിലേക്കാണ് അവർക്കിടയിൽ വർദ്ധിച്ചുവരുന്ന അനാരോഗ്യകരമായ പ്രവണതകൾ വിരൽചൂണ്ടുന്നത്. ഈ യാഥാർത്ഥ്യത്തിന്റെ തിരിച്ചറിവിൽനിന്നും ഉടലെടുത്ത പദ്ധതിയാണ് ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ അഥവാ ഓ.ആർ.സി. പദ്ധതി.

കുട്ടികളുടെ വ്യക്തിത്വവികാസത്തിനും സംരക്ഷണത്തിനും നേതൃത്വം നൽകാൻ ഉത്തരവാദിത്വപ്പെട്ട സർക്കാർ വകുപ്പുകളായ വിദ്യാഭ്യാസം, ആരോഗ്യം, പൊലീസ്, തദ്ദേശസ്വയംഭരണം തുടങ്ങിയവ സർക്കാരിതര പ്രസ്ഥാനങ്ങൾ, രക്ഷിതാക്കൾ, പൊതുസമൂഹം എന്നിവർ ഒന്നിച്ച് ഒത്തൊരുമയോടെ കൈകോർത്തുകൊണ്ട് സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള സംയോജിത ശിശുസംരക്ഷണ പദ്ധതി (ICPS) യുടെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്ന ഓ.ആർ.സി.പദ്ധതിയുടെ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.

1. സമൂഹത്തിൽ സർക്കാർ, സർക്കാരിതര മേഖലയിൽ കുട്ടികളുടെ വ്യക്തിവികാസത്തിനും സംരക്ഷണത്തിനുംവേണ്ടി നിലകൊള്ളുന്ന വിവിധ പ്രസ്ഥാനങ്ങളുടെയും സംഘടനകളുടെയും പ്രവർത്തനത്തിന്റെ ഏകോപനത്തിന് സാഹചര്യമൊരുക്കുക.
2. കുട്ടികളോടുള്ള ഉത്തരവാദിത്വം നിറവേറ്റുന്നതിൽ രക്ഷിതാക്കളെയും അദ്ധ്യാപകരെയും സമൂഹത്തെയും പ്രാപ്തരാക്കുന്നതിനും ബോധ വത്കരിക്കുന്നതിനും ആവശ്യമായ നേതൃത്വം നൽകുക.
3. അനാരോഗ്യകരമായ സാമൂഹികവ്യതിയാനത്തിൽനിന്നും സാമൂ ഹ്യവിരുദ്ധപ്രവർത്തനങ്ങളിൽനിന്നും കുട്ടികളെ ഫലപ്രദമായി സംരക്ഷിക്കുക.
4. ആശാസ്യകരമല്ലാത്ത സ്വഭാവവ്യതിയാനങ്ങൾ സംഭവിച്ചിട്ടുള്ള കുട്ടികളെ കണ്ടെത്തി അവരെ കൗൺസിലിംഗ്, മെന്ററിംഗ്, വിദഗ്ദ്ധപരിചരണം, സർഗ്ഗാത്മകവും ഗുണകരവുമായ പ്രവൃത്തിയിലേക്കുള്ള തിരിച്ചുവിടൽ എന്നിവയിലൂടെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരിക.

കുട്ടികൾക്കായി ജീവിതനൈപുണി (ലൈഫ് സ്കിൽ) പരിശീലനം, അവരുടെ വിവിധങ്ങളായ കഴിവുകളെയും പ്രയാസങ്ങളെയുംകുറിച്ചുള്ള പഠനങ്ങൾ, സർഗ്ഗാത്മകമായ കഴിവുകളെ പരിപോഷിപ്പിക്കൽ, കുട്ടികളുടെ വ്യക്തിത്വവികാസ ത്തിനും സംരക്ഷണത്തിനും ക്രിയാത്മകമായ ഇടപെടലുകൾ, രക്ഷിതാക്കൾക്കായി ഫലപ്രദമായ രക്ഷാകർത്തൃത്വത്തെ സംബ ന്ധിച്ച പരിശീലനം, അദ്ധ്യാപകർക്കുള്ള പരിശീലനപരിപാടികൾ തുടങ്ങിയവ ഓ.ആർ.സി. പദ്ധതിയുടെ പ്രവർത്തനങ്ങളാണ്. പ്രത്യേക പരിചരണം ആവശ്യമുള്ള കുട്ടികൾക്ക് അതിനുള്ള സാഹചര്യങ്ങളൊരുക്കുന്നതും അവരെ മെന്റർ ചെയ്യുന്നതും ഓ.ആർ.സി.യുടെ പ്രധാന ഇടപെടലുകളാണ്.

## ജില്ലാ ഓ.ആർ.സി. റിസോഴ്സ് സെന്റർ

ഒരു ജില്ലയിലെ ഓ.ആർ.സി. പ്രവർത്തനത്തിന്റെ കോ-ഓർഡിനേഷൻ നടത്തുന്നത് ജില്ലാ ഓ.ആർ.സി. റിസോഴ്സ് സെന്ററാണ്. കൂടാതെ കൗൺസിലിംഗിനും മെന്ററിംഗിനും വിദഗ്ദ്ധ പരിചരണത്തിനുമുള്ള സൗകര്യങ്ങൾ അവിടെ വിഭാവനംചെയ്യുന്നു.
കുട്ടികളുടെ വ്യക്തിത്വ വികാസത്തിനും സംരക്ഷണത്തിനും ആവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്ന ഏജൻസികളെ സംബന്ധിച്ചുള്ള കോ-ഓർഡിനേഷൻ സെന്ററായും വിജ്ഞാനവ്യാപനകേന്ദ്രമായും (Knowledge Hub) പ്രവർത്തിക്കും. സാമൂഹികപ്രതിബദ്ധതയുള്ള കാര്യശേഷിയുള്ള ഏതൊരു വ്യക്തിക്കും ജില്ലാ റിസോഴ്സ് സെന്ററിന്റെ ഭാഗമായ ഓ.ആർ.സി. മെന്ററായി പ്രവർത്തിക്കാവുന്നതാണ്.

കുട്ടികളോടുള്ള ഉത്തരവാദിത്വം കണിശതയോടെയും ക്രിയാത്മകമായും നിറവേറ്റുന്ന കുടുംബം, വിദ്യാഭ്യാസ/